# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2272 04.11.2019-ൽ മറുപടിക്ക്

## പഴയ പോലീസ് സ്റ്റേഷൻ കെട്ടിടത്തിന് പുരാവസ്തുവകുപ്പ് സംരക്ഷണം

**ചോദ്യം**

ശ്രീ.ഡി.കെ. മുരളി

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | വാമനപുരം നിയോജകമണ്ഡലത്തിലെ പാങ്ങോട് പ്രവർത്തിച്ചിരുന്ന പഴയ പോലീസ് സ്റ്റേഷൻ കെട്ടിടം പുരാവസ്തു വകുപ്പ് ഏറ്റെടുത്ത് സംരക്ഷിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; | (എ), (ബി) & (സി) | വാമനപുരം നിയോജകമണ്ഡലത്തിലെ പാങ്ങോട് പ്രവർത്തിച്ചിരുന്ന പഴയ പോലീസ് സ്റ്റേഷൻ കെട്ടിടത്തിൽ പുരാവസ്തുവകുപ്പിലെ ഉദ്യോഗസ്ഥർ പ്രാഥമിക പരിശോധനകൾ നടത്തിയിരുന്നു. പ്രസ്തുത പരിശോധനയിൽ നിർമ്മിതിക്ക് നൂറ് വർഷം പഴക്കം ആയിട്ടില്ലെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. കൂടാതെ യഥാർത്ഥ നിർമ്മിതി ഒട്ടനവധി കൂട്ടിച്ചേർക്കലുകളും നവീകരണങ്ങൾക്കും വിധേയമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ നിലവിൽ പുരാവസ്തുവകുപ്പിന് പാങ്ങോട് പോലീസ് സ്റ്റേഷൻ കെട്ടിടത്തെ വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിന് പുരാവസ്തു സംരക്ഷണ നിയമപ്രകാരം വ്യവസ്ഥയില്ല. |
| (ബി) | ആയതു സംബന്ധിച്ച വിശദവിവരം നൽകുമോ; | | |
| (സി) | പ്രസ്തുത കെട്ടിടത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**